(ബി) തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മിറ്റി ഇല്ലാതായിട്ട് എത്ര മാസങ്ങൾ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി എന്ന് നിലവിൽവരും;

(ഡി) സംസ്ഥാന സഹകരണ യൂണിയന്റെ ഇപ്പോഴത്തെ മാനേജിംഗ് കമ്മിറ്റിയെ സർക്കാർ നിയോഗിച്ചത് എപ്പോഴായിരുന്നു; അത് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) തെരഞ്ഞെടുപ്പു നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) 20 മാസം കഴിഞ്ഞു.

(സി) സർക്കിൾ സഹകരണ യൂണിയനുകളുടെ ഭരണ സമിതി ചാർജെടുത്ത് സംസ്ഥാന സഹകരണ യൂണിയനിലേക്കുള്ള ഡെലിഗേറ്റുമാരുടെ പേരു വിവരം ലഭിക്കുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ് നടത്തിയതിന് ശേഷം ഭരണ സമിതി നിലവിൽവരുന്നതാണ്.

(ഡി) 16-7-2002-ന് ജി. ഒ. (ആർ.റ്റി.) നമ്പർ 287/02/സഹ. നമ്പർ ഉത്തരവു പ്രകാരം മാനേജിംഗ് കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. പിന്നീട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗമായ ശ്രീ. കെ. ശശിധരന് പകരം 7-4-2003-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 220/03/സഹ. നമ്പർ ഉത്തരവുപ്രകാരം ശ്രീ. ആർ. രാമചന്ദ്രൻ നായരെ നിയമിക്കുകയും ചെയ്തു. രണ്ട് ഗവൺമെന്റ് ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

സഹകരണ ബാങ്കുകൾ കാർഷിക വായ്പകൾക്ക് ഈടാക്കുന്ന പലിശനിരക്ക്

147 [3673] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ കാർഷിക വായ്പകൾക്ക് വാങ്ങുന്ന പലിശ എത്രശതമാനമാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പയുടെ പലിശ ഇനിയും കുറയ്ക്കുവാൻ കഴിയുമോ; വിശദാംശം വ്യക്തമാക്കാമോ;

† അനുബന്ധം-IX & IX 'എ'.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രൈമറി സഹകരണ ബാങ്കുകൾക്ക് ജില്ലാ ബാങ്കുകൾ നൽകുന്ന തുകയ്ക്ക് ജില്ലാബാങ്കുകൾ ഈടാക്കുന്ന പലിശ എത്ര ശതമാനമാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കാർഷിക വായ്പകൾക്ക് വാങ്ങുന്ന പലിശ നിരക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നബാർഡിന്റെ പുനർ വായ്പയുടെ പലിശനിരക്കുകൾ കുറയ്ക്കുന്ന മുറയ്ക്കുമാത്രമേ നിലവിലുള്ള പുനർവായ്പ പദ്ധതി പ്രകാരമുള്ള കാർഷിക വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾ നബാർഡിന്റെ പുനർ വായ്പാ പദ്ധതി പ്രകാരം നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 6.75% പലിശ ഈടാക്കുന്നു. പുനർവായ്പ പദ്ധതി ലഭ്യമാകാത്ത ജില്ലാ ബാങ്കുകൾ സ്വന്തം ഫണ്ടിൽനിന്നും പ്രാഥമിക സംഘങ്ങൾക്ക് 9.5% നിരക്കിൽ വായ്പ നൽകുന്നു.

സഹകരണ ജീവനക്കാരുടെ പെൻഷൻ

148 [3674] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽനിന്നും വിരമിച്ചവർക്ക് പെൻഷൻ പ്രാബല്യത്തിൽ വന്നത് എന്നു മുതൽക്കാണ്;

(ബി) ആകെ എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കിയെന്ന് വെളിപ്പെടുത്താമോ;

(സി) സഹകരണ ബാങ്കുകളിൽ നിന്നും പെൻഷനായ മുൻ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ മുൻകാല സഹകരണ ജീവനക്കാർക്കും പെൻഷൻ ആനുകൂല്യങ്ങൾ ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

---

† അനുബന്ധം X.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[28-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 147 (3673)-ന്റെ ഉത്തരം ദയവായി കാണുക]

1. നബാർഡിന്റെ പുനർവായ്പാ പദ്ധതി പ്രകാരമുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്കുകൾ

വായ്പാ തുക	സംസ്ഥാന സഹകരണ ബാങ്ക്	ജില്ലാ സഹകരണ ബാങ്ക്	പ്രാഥമിക സഹകരണ സംഘങ്ങൾ
1. 25,000 രൂപ വരെയുള്ള വായ്പ	6.25%	6.75%	8.5%
2. 25,000 രൂപയ്ക്ക് മുകളിലുള്ള വായ്പകൾ	6.25%	6.75%	9%

2. നബാർഡ് റീഫിനാൻസ് ലഭിക്കാത്ത ജില്ലാ സഹകരണ ബാങ്കുകൾ ഹ്രസ്വകാല കാർഷികാവശ്യങ്ങൾക്കായി സ്വന്തം ഫണ്ടിൽ നിന്നും വായ്പ നൽകേണ്ടി വരുമ്പോൾ വായ്പകൾക്കുള്ള പലിശ നിരക്ക്.

സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്കിന് കൊടുക്കുന്നത്	ജില്ലാ സഹകരണ ബാങ്ക് പ്രാഥമിക സംഘം/ബാങ്കുകൾക്ക് കൊടുക്കുന്നത്	പ്രാഥമിക സംഘം/ ബാങ്ക് ഗുണഭോക്താക്കൾക്ക് കൊടുക്കുന്നത്
9%	9.5%	10.5%

ഇതിനു പുറമേ പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകൾ ദീർഘകാല വായ്പകൾക്ക് 50,000 രൂപ വരെ 9.5%, 50,000 മുതൽ 2 ലക്ഷം രൂപ വരെ 11%, 2 ലക്ഷം രൂപയ്ക്ക് മുകളിൽ 11.5% എന്നീ നിരക്കുകളിൽ ഗുണഭോക്താക്കളിൽ നിന്നും പലിശ ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly